**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639</u>** **<u>15-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നൽകുന്ന നഷ്ടപരിഹാരം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്.സംസ്ഥാനത്ത് വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ "മാനേജ്മെന്റ് ഓഫ് വൈൽഡ് അനിമൽ അറ്റാക്ക്" എന്ന ഉപഘടകത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 30 ലക്ഷം രൂപ താഴെപറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. a) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ബ്ലോക്കിൽപ്പെട്ട വിതുര, തൊളിക്കോട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ, വെള്ളനാട് പഞ്ചായത്തുകളിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി നൈലോൺ നെറ്റ് ട്രാപ്പ്, സൗരോർജ്ജ വേലി, ബയോ അക്കോസ്റ്റിക്സ്, കമ്പിവേലി എന്നിവ സ്ഥാപിക്കുന്നതിനും, ബോറപ്പ് ഉപയോഗിച്ച് കാട്ടുപന്നികളെ അകറ്റി നിർത്തുന്നതിനുമായുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. b) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, വടക്കാഞ്ചേരി, ചാലക്കുടി, കൊടകര, ഒല്ലൂക്കര, പുഴയ്ക്കൽ ബ്ലോക്കുകളിൽ ബയോറിപ്പലന്റുകൾ (ജൈവ വികർഷണ വസ്തുക്കൾ) ഉപയോഗിച്ച് കാട്ടുപന്നികളെ അകറ്റിനിർത്തുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. c) കണ്ണൂർ ജില്ലയിലെ ഇരട്ടി, പേരാവൂർ, തളിപ്പറമ്പ്, ഇരിക്കൂർ ബ്ലോക്കുകളിൽ ഉൾപ്പെട്ട 1536 ഹെക്ടർ പ്രദേശത്ത് ജൈവ ഉല്പന്നമായ ഹെർബൊലീവ് ഉപയോഗിച്ച് വന്യജീവികളെ അകറ്റിനിർത്തുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറുള്ള സ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | പദ്ധതിയധിഷ്ഠിത ധനസഹായം അനുവദിച്ച നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് കർഷകർക്ക് കൃഷിഭൂമി കമ്പിവേലി കെട്ടിയോ മതിലുകൾ നിർമ്മിച്ചോ സംരക്ഷിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ; | (ബി) | കമ്പിവേലി, സൗരോർജ്ജ വേലി, തേനീച്ച വേലി എന്നിവ സ്ഥാപിച്ച് വന്യജീവികളിൽ നിന്നും കൃഷിഭൂമിയെ സംരക്ഷിക്കുന്നതിന് ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിലാണ് പ്രോജക്ടാധിഷ്ഠിത ധനസഹായം അനുവദിക്കുന്നത്. |
| (സി) | വിവിധ രീതിയിലുള്ള കൃഷി നാശങ്ങൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന നഷ്ടപരിഹാര തുകയും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്നും കൂത്തുപറമ്പ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (സി) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും ചേർത്ത് നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമോ, വന്യജീവി ആക്രമണം മൂലമോ നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നു. AIMS പോർട്ടൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രകൃതിക്ഷോഭം സംഭവിച്ച് പ്രകൃതിദുരന്തങ്ങൾക്കായി നഷ്ടപരിഹാരം അനുവദിക്കുന്ന പദ്ധതി പ്രകാരം 10 ദിവസത്തിനുള്ളിലും, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 15 ദിവസത്തിനുള്ളിലും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ ഫീൽഡ് പരിശോധന, അപേക്ഷകളുടെ പ്രോസസ്സിംഗ്, ക്ലെയിം ജനറേഷൻ എന്നിവ പൂർത്തീകരിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന തുക AIMS പോർട്ടലിലെ DBT സംവിധാനം മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. കൃഷിനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിവിധ രീതിയിലുള്ള കൃഷി നാശങ്ങൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന നഷ്ടപരിഹാര തുകയും, മാനദണ്ഡങ്ങളും അനുബന്ധം - II ആയി ചേർക്കുന്നു. (a) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൂത്തുപറമ്പ് ബ്ലോക്കിൽ അനുവദിച്ച തുകകളുടെ വിവരം 2017 - 6,93,300/- 2018 - 15,13,800/- 2019 - 6,73,710/- 2020 - 4,73,695/- 2021 - 72,450/- (b) കൃഷി നാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൂത്തുപറമ്പ് ബ്ലോക്കിൽ അനുവദിച്ച തുകകളുടെ വിവരം 2017- 74,540/- 2018 - |

| | | | |
|---|---|---|---|
| | | | 38,56,233/- 2019 - 21,60,225/- 2020 - 2,56,068/- 01/06/2019 to 31/12/2021 - 40,12,484/- (AIMS പോർട്ടൽ മുഖേന DBT ആയി നൽകിയത്) |
| (ഡി) | കൂത്തുപറമ്പ് മണ്ഡലത്തിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്നും ആയതിനുള്ള കാരണവും വിശദമാക്കുമോ? | (ഡി) | 2021-22 സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭിച്ച 74 അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്. എന്നാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതിനായി അംഗീകരിച്ച 1141 അപേക്ഷയിൽ 145 പേർക്ക് SDRF വിഹിതവും, 6 പേർക്ക് സംസ്ഥാന വിഹിതവും നൽകാൻ ബാക്കിയുണ്ട്.ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ